## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 1482**

**2.07.2015-ൽ മറുപടിക്ക്**

## തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം

**ചോദ്യം**

ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി.തോമസ്
" സി.കെ. നാണു
" ജോസ് തെറ്റയിൽ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും, ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം നഗരത്തിൽ അനിയന്ത്രിതമായ വെള്ളപ്പൊക്കം കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ എന്തൊക്കെ പരിപാടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കിയിട്ടുള്ളത്;

(എ) തിരുവനന്തപുരം നഗരത്തിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം പരിഹരിക്കുന്നതിനായി 'ഓപ്പറേഷൻ അനന്ത' എന്ന പേരിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005-ന്റെ വകുപ്പുകൾ അനുസരിച്ച് കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പൊളിച്ചുമാറ്റുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 26.5.2015-ലെ സ.ഉ.(എം.എസ്സ്.) നം. 175/2015/തസ്വഭവ, സ.ഉ.(എം.എസ്സ്.) നം. 176/2015/തസ്വഭവ ഉത്തരവുകൾ പ്രകാരം വെള്ളപ്പൊക്കം നിയന്ത്രണ വിധേയമാക്കാൻ നടപടികൾ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇവയ്ക്കുവേണ്ടി എന്ത് തുക ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചുകൊണ്ട് 20.05.2015-ലെ ജി.ഒ.(എം.എസ്) നം. 178/2015/ഡിഎംഡി, തീയതി 22.06.2015-ലെ ജി.ഒ.(എം.എസ്.) നം. 266/2015/ഡിഎംഡി എന്നീ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

....2/-

| | | | |
|---|---|---|---|
| (സി) | ഏത് സാഹചര്യത്തിലാണ് 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കാൻ തീരുമാനിച്ചത്; തീരുമാനം ഏത് തലത്തിൽ കൈക്കൊണ്ടു എന്നും എന്നാണ് കൈക്കൊണ്ടതെന്നും വ്യക്തമാക്കാമോ; | (സി) | തമ്പാനൂർ ഭാഗത്ത് നിരന്തരം ഉണ്ടാകുന്ന അനിയന്ത്രിത വെള്ളപ്പൊക്കം പരിഹരിക്കുന്നതിനു 'ഓപ്പറേഷൻ അനന്ത' നടപ്പിലാക്കുന്നതിനായി 29.4.2015-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരവും, 6.5.2015-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് നടപടി കൈക്കൊണ്ടത്. |
| (ഡി) | പദ്ധതിയുടെ മൊത്തം വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പഴവങ്ങാടിയിൽ നിന്നും തെക്കുംകര കനാൽവരെ നീളുന്ന ഓടകൾക്ക് മുകളിലുള്ള കൈയ്യേറ്റം, തമ്പാനൂരിലെ കനാലുകൾക്ക് മുകളിലുള്ള അനധികൃത നിർമ്മാണം എന്നിവ പൊളിച്ചു മാറ്റുന്നതിന് തീരുമാനിച്ചു. കരിമഠം കുളം Desilt ചെയ്ത് ഉപയോഗ പ്രദമാക്കുക, കുര്യാത്തി എൽ.പി.എസ്-ൽ നിന്നും തെക്കോട്ട് കരിമഠം കോളനിയിലേയ്ക്കുള്ള പ്രവേശന മാർഗ്ഗത്തിലുള്ള ചെറിയ ഓട വലുതാക്കി കരിമഠം കോളനിയുടെ Outlet വരെ ഓട നിർമ്മിക്കുക. കരിമഠം കോളനിയുടെ സമഗ്രവികസനം ബി.എസ്.യു.പി. യിൽ ഉൾപ്പെടുത്തി അക്രഡിറ്റഡ് ഏജൻസിയായ M/s Costford മുഖേന നടപ്പിലാക്കി വരികയാണ്. പൊന്നറ ശ്രീധർ പാർക്കിംഗ് ഗ്രൗണ്ടിന് ചുറ്റും മഴവെള്ളസംഭരണി നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>2. ഓപ്പറേഷൻ അനനന്തയുടെ തുടർ പ്രവർത്തനങ്ങൾ ബഹു. നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി എന്നിവർ അവലോകനം ചെയ്യുന്നതാണ്. |

3. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഉപദേശം നൽകാനായി ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ടെക്നോളജി റിസർച്ച് അക്കാഡമിയിലെ തലവനായ ഡോ: ആർ.കെ. ദാവെയുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

4. റോഡരികിലെ ഓടകൾ ചെളികോരി വൃത്തിയാക്കുന്നതിനും ഓടകളിലും പരിസര പ്രദേശത്തും കെട്ടിക്കിടക്കുന്ന ഖരമാലിന്യങ്ങളും, ഉപയോഗശൂന്യവും പഴകി ദ്രവിച്ചതുമായ വാഹനങ്ങളെയും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ